**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 268** **25-10-2021 - ൽ മറുപടിയ്ക്ക്**

**ജില്ല റവന്യൂ അസംബ്ലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുജനങ്ങൾ റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് നൽകുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ജില്ല അടിസ്ഥാനത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പൊതുജനങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രിക്ക് ഓൺലൈനായി പരാതി നൽകുന്നതിനും നേരിട്ട് നൽകുന്ന പരാതികൾ നടപടികൾക്കായും വിവധ റവന്യൂ ഓഫീസുകളിലേയ്ക്ക് ആയച്ച് കൊടുക്കുന്നതിനുമായി റവന്യൂ മിത്രം എന്ന പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പോർട്ടലിലൂടെ പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതികളുടെ സ്ഥിതി അവർക്കു തന്നെ നിരീക്ഷിക്കുന്നതിന് സാധിക്കും. അപേക്ഷകൾ ക്രോഡീകരിക്കുന്നതിനും എല്ലാ അപേക്ഷകളിലും നടപടി സ്വീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമായി ജില്ലാ തലത്തിൽ ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) ന്റെ നേതൃത്വത്തിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഓരോ ജില്ലയിലേയും വിഷയങ്ങൾ പരിഹരിക്കുന്നതിനായി രൂപം കൊടുത്ത ജില്ല റവന്യൂ അസംബ്ലിയുടെ പ്രവർത്തന രീതി വിശദമാക്കാമോ; | (ബി) | വിഷൻ & മിഷൻ 2021 - 26 എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും അഭിപ്രായങ്ങളും നിവേദനങ്ങളും ശുപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ അസംബ്ലി എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. റവന്യൂ അസംബ്ലിയുടെ ആദ്യ യോഗങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ 13 ദിവസങ്ങളിലായി തിരുവനന്തപുരം ഐ.എൽ.ഡി.എം-ൽ വച്ച് കൂടിയിട്ടുള്ളതാണ്. ടി യോഗത്തിൽ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും പൊതുവായും സമർപ്പിച്ച നിവേദനങ്ങളും ശുപാർശകളും യോഗത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിയമസഭാസാമാജികർ സമർപ്പിച്ച/ഉന്നയിച്ച നിവേദനങ്ങൾ/പരാതികളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് എം.എൽ.എ-മാർക്ക് ഡാഷ് ബോർഡ് |

| | | | |
|---|---|---|---|
| | | | വഴി വിലയിരുത്തുവാൻ സാധിക്കുകയും അതു വഴി ഉന്നയിച്ച വിഷയങ്ങളുടെ പ്രശ്ന പരിഹാരം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സാധിക്കും. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിവേദനങ്ങളും പരാതികളും പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും വിവരം നിയമസഭാസാമാജികരെ അറിയിക്കുന്നതിനും കക്ഷികളുമായി ബന്ധപ്പെട്ട അപേക്ഷയിലെ നടപടി വിവരം നിലവിലെ മാർഗ്ഗത്തിൽ ആവശ്യമെങ്കിൽ കക്ഷികളെയും അറിയിക്കുന്നതിനും സാധിക്കും. |
| (സി) | റവന്യൂ അസംബ്ലിയുടെ പരിഗണനയ്ക്കായി പൊതു ജനങ്ങൾക്ക് നേരിട്ട് പരാതി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; പ്രസ്തുത അസംബ്ലിയുടെ നടപടിക്രമങ്ങളും തീരുമാനങ്ങളും ജനങ്ങളെ അറിയിക്കുന്നതിന് സംവിധാനമുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | പൊതുജനങ്ങൾക്ക് നേരിട്ട് റവന്യൂ അസംബ്ലിയിൽ പരാതി നൽകാൻ വ്യവസ്ഥയില്ല. നിയമസഭാ സമാജികർ ഉന്നയിക്കുന്ന ആവശ്യങ്ങളുടെ പുരോഗതി അവരവരുടെ ലോഗിൻ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് നിരീക്ഷിക്കാനാകും. ഇതിനായി ഒരു ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ